പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

**തൊഴിലുറപ്പ് പദ്ധതി**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1491 05.12.2014 ൽ മറുപടിക്ക്

ചോദ്യം. ഉത്തരം

| ശ്രീമതി.കെ.എസ്.സലീഖ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തൊഴിലുറപ്പ് പദ്ധതിയിൽ നാളിതു വരെ എത്ര കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അതിൻപ്രകാരം എത്രപേർ പണിയെടുക്കുന്നു; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ, 01.12.2014 വരെ 2962973 കുടുംബങ്ങൾ രജിസ്റ്റർ ചെയ്യുകയും അതിൽ 1073719 കുടുംബങ്ങളിലെ 1131820 പേർക്ക് ആവശ്യാധിഷ്ഠിതമായി തൊഴിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) | 2013-14 സാമ്പത്തികവർഷം എത്രപേർക്ക് 100 ദിവസം തൊഴിൽ നൽകാൻ സാധിച്ചു; | (ബി) | 2013-14 സാമ്പത്തിക വർഷം 406422 പേർക്ക് 100 ദിവസം തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്. |
| (സി) | നടപ്പുവർഷം പ്രസ്തുത പദ്ധതിക്ക് നാളിതുവരെ ലഭിച്ച കേന്ദ്രസഹായം എത്ര; നാളിതുവരെ എന്ത് തുക സംസ്ഥാന വിഹിതമായി നൽകി; വ്യക്തമാക്കുമോ; | (സി) | 2014-15 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് 01/12/2014 വരെ കേന്ദ്രവിഹിതമായി 73948.46 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 4000 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. |
| (ഡി) | തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലെടുത്തവർക്ക് കുടിശ്ശികയിനത്തിൽ നൽകാനുള്ള തുക എത്ര; ഏത് മാസം മുതലുള്ള കുടിശ്ശികയാണ് നൽകാനുള്ളത്; വ്യക്തമാക്കുമോ; | (ഡി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലെടുത്തവർക്ക് 01.12.2014 വരെ, 224.60 കോടി രൂപ അവിദഗ്ദ്ധ വേതന കുടിശ്ശികയിനത്തിൽ നൽകാനുണ്ട്. 2014 ഒക്ടോബർ, നവംബർ മാസങ്ങളിലെ വേതനമാണ് കുടിശ്ശിക യായിട്ടുള്ളത്. |
| (ഇ) | തൊഴിലുറപ്പ് ജോലിക്കിടെ നാളിതുവരെ പല കാരണങ്ങളാൽ മരണപ്പെട്ടവർ എത്രയെന്ന ജില്ല തിരിച്ച് വ്യക്ത മാക്കുമോ; ഇപ്രകാരം മരണപ്പെട്ടവരുടെ കുടുംബത്തെ സഹായിക്കുവാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ; | (ഇ) | അനുബന്ധം ആയി ചേർത്തിരിക്കുന്നു. പണി സ്ഥലത്ത്വച്ച് അപകട മരണം സംഭവിച്ചാൽ അവകാശികൾക്ക് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുള്ള എക്സ്ഗ്രേഷ്യയ്ക്ക് അവകാശമുണ്ടായിരിക്കും. |
| (എഫ്) | എല്ലാ തൊഴിലുറപ്പ് തൊഴിലാളികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചു; വ്യക്ത മാക്കുമോ? | (എഫ്) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റവും കുറഞ്ഞത് 15 ദിവസം പണിയെടുത്ത തൊഴിലാളികൾക്ക് രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന പ്രകാരമുള്ള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാക്കുന്നതിനും പ്രസ്തുത പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ജില്ല | മരണപ്പെട്ടവരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 35 |
| കൊല്ലം | 28 |
| പത്തനംതിട്ട | 7 |
| ആലപ്പുഴ | 15 |
| കോട്ടയം | 11 |
| ഇടുക്കി | 27 |
| എറണാകുളം | 5 |
| തൃശ്ശൂർ | 7 |
| പാലക്കാട് | 12 |
| മലപ്പുറം | 9 |
| കോഴിക്കോട് | 13 |
| വയനാട് | 11 |
| കണ്ണൂർ | 7 |
| കാസറഗോഡ് | 7 |
| **ആകെ** | **194** |